(ഡി) സംസ്ഥാനത്ത് ഒരു വർഷത്തിൽ എത്ര അളവ് മെഴുകുതിരികൾ ഉണ്ടാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സിഡ്കോയുടെ പരിധിയിൽ വരുന്നതും ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നതുമായ 955 വൻകിട-ചെറുകിട മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ മെഴുകുതിരി ഉൽപ്പാദിപ്പിക്കുന്ന 5 വ്യവസായ സഹകരണസംഘങ്ങൾ ഉണ്ട്.

(സി) പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ഗവൺമെന്റ് ഓഹരി പങ്കാളിത്തവും മാനേജീരിയൽ ഗ്രാന്റ്, വാടക ഗ്രാന്റ് തുടങ്ങിയവയും കൊടുക്കുന്നുണ്ട്.

(ഡി) സിഡ്കോവഴി 2003-2004-ൽ 965 മെട്രിക് ടൺ മെഴുക് വിതരണം ചെയ്തു. ഏകദേശം 1 ലക്ഷം മെഴുക് തിരികൾ ഉണ്ടാക്കാം. കൂടാതെ സ്വകാര്യ വ്യക്തികളും മെഴുക് വിൽപ്പന നടത്തുന്നു. അതിൽനിന്നും ഉണ്ടാക്കുന്ന മെഴുകുതിരിയുടെ കണക്ക് ലഭ്യമല്ല.

പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

5 [2132] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പീഡിത വ്യവസായങ്ങൾ ഉണ്ട്;

(ബി) അവ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-12-2003 വരെ 1852 ചെറുകിട വ്യവസായങ്ങളെ പീഡിത വ്യവസായ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പീഡിത വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പീഡിത വ്യവസായമായി രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകളെ ധനകാര്യ സ്ഥാപനങ്ങളുമായി പുനരുദ്ധാരണത്തെ സംബന്ധിച്ച് കൂടിയാലോചനകൾ നടത്തുകയും പുനരുദ്ധാരണത്തിനാവശ്യമായ നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പക്കനുസൃതമായി വ്യവസായ വകുപ്പിൽ നിന്നും 9 ശതമാനം പലിശയ്ക്ക് മാർജിൻമണി വായ്പ ലഭ്യമാക്കുന്നു. പുനരാരംഭ ചെലവുകൾക്കായി 9 ശതമാനം പലിശയ്ക്ക് 1 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നുണ്ട്. പീഡിത യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ട്. കുടിശ്ശിക വായ്പകൾ അടച്ചുതീർക്കുന്നതിന് സാവകാശം അനുവദിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly